പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3090 03.04.2013-ൽ മറുപടിക്ക്

മൊബൈൽ ഇൻസിനറേറ്റർ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, വി. ശിവൻകുട്ടി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, എ. എം. ആരിഫ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജനത്തിനായി വാങ്ങിയ മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ; | എ) | ഉണ്ട്. സർക്കാർ രൂപീകരിച്ച ഒരു സാങ്കേതിക സമിതി മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം അവലോകനം നടത്തി. അവർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മണിക്കൂറിൽ 0.5 ടൺ മാലിന്യം സംസ്ക്കരിക്കാനുള്ള ശേഷി ഉള്ളതായും മണിക്കൂറിൽ 77.4 ലിറ്റർ ഡീസൽ ആവശ്യമാണെന്നും കണ്ടിട്ടുണ്ട്. |
| ബി) മൊബൈൽ ഇൻസിനറേറ്ററിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നറിയിക്കുമോ ; | ബി) | മൊബൈൽ ഇൻസിനറേറ്റർ സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരമാണ് വാങ്ങിയത്. |
| സി) മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിലെ ആവർത്തനച്ചെലവ് വളരെ കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയ ഇനത്തിൽ ചെലവായതുകയെത്ര എന്നറിയിക്കുമോ ? | ഡി) | ടെണ്ടറുകൾ ക്ഷണിച്ച്, അതിൽ നിന്നും 2.1943 കോടി രൂപ ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്കിലുള്ള ഇൻസിനറേറ്റർ വാങ്ങാനാണ് നടപടികൾ എടുത്തത്. |

സെക്ഷൻ ഓഫീസർ